സംസ്ഥാനത്തെ അപ്പർ പ്രൈമറി സ്കൂളുകളിൽ പി. ഡി. ടീച്ചർമാരായി ജോലി ചെയ്യുന്ന മലയാളം വിദ്വാൻമാർ

73 [1611] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപ്പർപ്രൈമറി സ്കൂളുകളിൽ പി. ഡി. ടീച്ചർമാരായി എത്ര മലയാളം വിദ്വാൻമാർ ഇപ്പോൾ ജോലി ചെയ്യുന്നു; സർക്കാർ മേഖലയിലെത്ര; എയിഡഡ് മേഖലയിലെത്ര;

(ബി) ഇവരിൽ എത്ര പേർക്ക് ഹെഡ്മാസ്റ്റർ ആയി പ്രമോഷൻ നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ പ്രമോഷൻ നൽകാതിരിക്കാൻ കാരണമെന്ത്;

(സി) നിയമന കാര്യത്തിൽ ടി. ടി. സി. ക്കാരോടൊപ്പം ബാധകമാക്കിയ 2:1 എന്ന റേഷ്യോ പ്രമോഷൻ ഈ കാര്യത്തിലും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മതവികാരത്തെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള ചോദ്യങ്ങൾ ഒഴിവാക്കാൻ നടപടി

74 [1614] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, വി. ഡി. സതീശൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം ക്ലാസിലെ പരീക്ഷയ്ക്കുവേണ്ടി സംസ്ഥാനത്തെ സ്കൂളുകൾ പൊതുവായി ചോദ്യങ്ങൾ തയ്യാറാക്കുകയാണോ അതോ വിവിധ പ്രദേശങ്ങളിലുള്ള സ്കൂളുകൾ വ്യത്യസ്ത ചോദ്യങ്ങളാണോ തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2005 മാർച്ച് മാസത്തിലെ 7-ാം ക്ലാസ് വാർഷിക പരീക്ഷയുടെ മലയാളം സെക്കൻറ് പേപ്പറിൽ ഹാസ്യാത്മക വിവരണത്തിനായി ഹൈന്ദവ സമൂഹം ആരാധിക്കുന്ന ദേവൻമാരെ അധിക്ഷേപിക്കുന്ന വിധത്തിലുള്ള ചോദ്യം സംസ്ഥാനത്തൊട്ടാകെയോ സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തോ ചോദിച്ചിട്ടുണ്ടോ;

(സി) മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഒന്നായ ശ്രീ. പരശുരാമനെ ഹാസ്യാത്മകമായി ചിത്രീകരിച്ചുകൊണ്ട് ശ്രീ. ഹനുമാനെപ്പറ്റി അതേ വിധത്തിൽ ഹാസ്യാത്മക വിവരണമെഴുതണമെന്ന ഒരു ചോദ്യം പ്രസ്തുത പരീക്ഷയ്ക്ക് ചോദിച്ചിരുന്നോ;

(ഡി) ഇത് ഏതെങ്കിലും മതവിഭാഗത്തെ വ്രണപ്പെടുത്തുന്ന ചോദ്യമാണോ;

(ഇ) പ്രസ്തുത ചോദ്യപേപ്പറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly